ഗുരുമാർഗം

ഗർഭസ്ഥ പിണ്ഡത്തിന് ജീവചൈതന്യമുണ്ടാകുന്നതുവരെ സദാനോക്കി സൂക്ഷിച്ച ഭഗവാൻ തന്നെ അത് നശിച്ചുപോകാതെ വളർത്തിക്കൊണ്ടുവന്നു. വളർന്ന പാകമായതോടെ ബോധസത്യത്തിൽ അതിനിരിപ്പും നൽകി.

ഒരു ജാതി ഒരു മതം ഒരു ദൈവം
തിരുവോണം 21- 13
ദ്വാദശി 22 - 54
1939 ഫാൽഗുനം 23
1439 ജമാദുൽ ആഖിർ 27
1193 കുംഭം 30

ചട്ടം കാണിച്ച് പേടിപ്പിക്കരുത്

നിയമങ്ങളും ചട്ടങ്ങളും വിവേചനരഹിതമായി നടപ്പാക്കാനൊരുങ്ങിയാൽ ദുരിതം അനുഭവിക്കേണ്ടിവരുന്നത് സാധാരണക്കാരാണ്. തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളവികസനത്തിന്റെ മറ പിടിച്ച് ചുറ്റുമുള്ള പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എയർപോർട്ട് അതോറിട്ടി കൊണ്ടുവന്ന പുതിയ നിയന്ത്രണങ്ങൾ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. എയർപോർട്ടിനു ചുറ്റുമുള്ള ഏഴ് കോർപ്പറേഷൻ വാർഡുകളെ റെഡ് സോണിൽ ഉൾപ്പെടുത്തിയതോടെ ഈ പ്രദേശങ്ങളിൽ ഒറ്റനില വീടുവയ്ക്കണമെങ്കിൽ പോലും എയർപോർട്ട് അതോറിട്ടിയുടെ എൻ.ഒ.സി വാങ്ങിയിരിക്കണമെന്നാണ് പുതിയ നിബന്ധന. ഈ എൻ.ഒ.സി സഹിതം അപേക്ഷിച്ചാലേ നഗരസഭയിൽ നിന്ന് നിർമ്മാണാനുമതി ലഭിക്കുകയുള്ളൂ. ഇതിനകം നിർമ്മാണം പൂർത്തിയായ കെട്ടിടങ്ങൾക്ക് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് ലഭിക്കണമെങ്കിലും എയർപോർട്ട് അതോറിട്ടിയുടെ എൻ.ഒ.സി ആവശ്യമാണ്. കേന്ദ്ര നിയമമാകയാൽ ഇളവ് നൽകാൻ തങ്ങൾക്ക് അധികാരമില്ലെന്നാണ് നഗരസഭയുടെ നിലപാട്. ചുരുക്കത്തിൽ പെട്ടുപോയത് എയർപോർട്ടിനു ചുറ്റുമുള്ള ഏഴ് വാർഡുകളിലെ ജനങ്ങളാണ്. എയർപോർട്ട് നഗരമദ്ധ്യത്തിൽ തന്നെയായതിനാൽ ചുറ്റുമുള്ള പ്രദേശങ്ങൾ വാണിജ്യപരമായും വളരെയേറെ പ്രാധാന്യമുള്ളതാണ്. എയർപോർട്ട് അതോറിട്ടിയുടെ എൻ.ഒ.സി ലഭിക്കാൻ പണം മാത്രം പോര. ഏറെ കാലതാമസവുമുണ്ട്. അതാണ് പുതിയ നിയന്ത്രണത്തിനെതിരെ ജനരോഷം ശക്തമാകാൻ കാരണം. നിർമ്മാണ പെർമിറ്റിനായി ഇപ്പോൾതന്നെ വളരെയധികം അലയേണ്ടിവരുന്നവർക്ക് ഇനി എയർപോർട്ട് അതോറിട്ടിയുടെ കടലാസ് ലഭിക്കാനും അവിരാമമായി കാത്തിരിക്കേണ്ടിവരുന്നതിലെ വൈഷമ്യങ്ങൾ ഉദ്യോഗസ്ഥന്മാർക്ക് എളുപ്പം മനസിലാകണമെന്നില്ല. ആളുകളെ പരമാവധി ദ്രോഹിച്ച് ആനന്ദിക്കുന്നതിൽ സായൂജ്യം കണ്ടെത്തുന്നവരാണ് അവരിലധികവും.

തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളവികസനത്തിന്റെ മറപിടിച്ച് ചുറ്റുമുള്ള പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് എയർപോർട്ട് അതോറിട്ടി കൊണ്ടുവന്ന പുതിയ നിയന്ത്രണങ്ങൾ ജനങ്ങൾക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. ചുറ്റുമുള്ള ഏഴ് കോർപ്പറേഷൻ വാർഡുകളെ റെഡ് സോണിൽ ഉൾപ്പെടുത്തിയതോടെ ഒറ്റനില വീടുവയ്ക്കണമെങ്കിൽ പോലും എയർപോർട്ട് അതോറിട്ടിയുടെ എൻ.ഒ.സി വാങ്ങണം

എയർപോർട്ട് അതോറിട്ടിയുടെ പുതിയ കുരുക്കിനെതിരെ നഗരവാസികളിൽ നിന്നുയർന്ന വ്യാപക പ്രതിഷേധം കണക്കിലെടുത്ത് കഴിഞ്ഞദിവസം പ്രശ്നം ചർച്ചചെയ്യാൻ മേയർ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടിയിരുന്നു. എന്നാൽ പ്രശ്നത്തിനു പരിഹാരമൊന്നും ഉരുത്തിരിയാതെയാണ് യോഗം പിരിഞ്ഞത്. നഗരസഭ മുന്നോട്ടു വച്ച നിർദ്ദേശങ്ങൾക്ക് ചെവികൊടുക്കാൻ എയർപോർട്ട് അതോറിട്ടി അധികൃതർ തയ്യാറായില്ലെന്നാണ് റിപ്പോർട്ട്. യുക്തിക്കും സാമാന്യബോധത്തിനും നിരക്കാത്ത നിയന്ത്രണങ്ങൾ അടിച്ചേല്പിക്കാനുള്ള ശ്രമത്തിലാണവർ.

വിമാനങ്ങൾ ഇറങ്ങുന്നതിനും പറന്നുയരുന്നതിനും തടസങ്ങളുണ്ടാകാത്ത വിധമാകണം ചുറ്റവട്ടത്തിലെ നിർമ്മിതികൾ എന്നും നിയമമുണ്ട്. അത് കർക്കശമായി പാലിക്കാറുമുണ്ട്. എന്നാൽ ചുറ്റുപാടുമുള്ള ഏഴ് വാർഡുകൾ അപ്പാടെ റെഡ് സോണിൽപ്പെടുത്തി അവിടെ പുതുതായി ഒരു കക്കൂസ് നിർമ്മിക്കാൻപോലും എയർപോർട്ട് അധികൃതരുടെ എൻ.ഒ.സി വേണമെന്ന് ശഠിക്കുന്നത് നിയമത്തിന്റെയും ചട്ടത്തിന്റെയും ദുർവ്യാഖ്യാനമായേ കാണാനാവൂ. വിമാനത്താവളത്തിനു ചുറ്റുമായി ബഹുനില മന്ദിരങ്ങൾ ഉൾപ്പെടെയുള്ള വൻ നിർമ്മിതികൾ നിലനിൽക്കുമ്പോഴാണ് സാധാരണക്കാരോടുള്ള ഈ ധാർഷ്ട്യമെന്ന് ഓർക്കണം. പുതിയ അന്താരാഷ്ട്ര ടെർമിനലുമായി ബന്ധപ്പെടുത്തി ഒരാവശ്യവുമില്ലാതെ ദേശീയ പാതയിലെ സർവീസ് റോഡിനു മുകളിലൂടെ റാമ്പ് നിർമ്മിച്ച് നിയമം കാറ്റിൽ പറത്തിയവരാണ് നഗരത്തിലെ വലിയൊരു പ്രദേശത്തെ ഇപ്പോൾ നിർമ്മാണനിയന്ത്രണത്തിന്റെ പേരിൽ വെള്ളം കുടിപ്പിക്കാനൊരുങ്ങുന്നത്. എവിടെയും രണ്ടുനില കെട്ടിടങ്ങൾവരെ നിർമ്മിക്കാൻ നിയന്ത്രണം ബാധകമല്ലാതിരിക്കെ ഇവിടെ മാത്രം ഇക്കാര്യത്തിൽ ശാഠ്യം പിടിക്കുന്നതെന്തിനാണെന്ന് മനസിലാകുന്നില്ല. പാർപ്പിടങ്ങളെ നിയന്ത്രണങ്ങളിൽ നിന്ന് ഒഴിവാക്കുന്നതുകൊണ്ട് ദോഷമൊന്നുംവരാൻ പോകുന്നില്ല. അതുപോലെ തന്നെ ഇതിനകം നിർമ്മാണം പൂർത്തിയാക്കിയ പാർപ്പിടങ്ങൾക്ക് ഒക്കുപ്പെൻസി സർട്ടിഫിക്കറ്റ് നൽകുന്നതിന് എൻ.ഒ.സി വേണമെന്ന നിബന്ധനയും ഉപേക്ഷിക്കാവുന്നതാണ്. എയർപോർട്ടിനകത്തുതന്നെ ഇതിനെക്കാൾ ഉയരമുള്ള നിർമ്മാണം നടക്കുന്ന പശ്ചാത്തലത്തിൽ പുറത്തെ നിർമ്മിതികൾക്ക് ചട്ടം കർക്കശമാക്കുന്നതിലെ വൈരുദ്ധ്യവും കാണാതിരുന്നുകൂടാ. പുതിയ നിബന്ധനകൾക്കെതിരെ വ്യാപകമായ പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ യഥാർത്ഥസ്ഥിതി ജനങ്ങൾക്ക് മുന്നിൽ വയ്ക്കാൻ എയർപോർട്ട് അതോറിട്ടി ഔദ്യോഗികമായി ഇതുവരെ തയ്യാറായിട്ടുമില്ല. പുതുതായി നടപ്പിലാക്കാനുദ്ദേശിക്കുന്ന നിയന്ത്രണവും ചട്ടവും ആളുകൾ യഥാസമയം അറിയേണ്ടതല്ലേ? സർവേ നമ്പരുകൾ പോലും ചേർക്കാതെയാണ് അതോറിട്ടി നിയന്ത്രണങ്ങൾ ബാധകമായ നഗരഭൂപടം പ്രസിദ്ധീകരിച്ചിട്ടുള്ളത്. എയർപോർട്ട് വികസനത്തിന് പുതുതായി ഭൂമി ആവശ്യമായിരിക്കാം. പുതിയ ടെർമിനലിനോടു ചേർന്ന് 18 ഏക്കർ ഏറ്റെടുക്കാനുള്ള നടപടിയും തുടങ്ങിക്കഴിഞ്ഞു. സ്ഥലം വിട്ടുകിട്ടുന്നതിൽ നേരിടുന്ന കാലതാമസമാണ് നിരവധി നഗരവാർഡുകളിൽ നിർമ്മാണനിയന്ത്രണങ്ങൾ കർക്കശമാക്കാൻ എയർപോർട്ട് അതോറിട്ടിയെ പ്രേരിപ്പിച്ചതെന്ന ഒരു ആക്ഷേപം ഇതിനിടെ ഉയർന്നിട്ടുണ്ട്. യഥാർത്ഥവസ്തുതകൾ ജനങ്ങളിൽ നിന്നുമറച്ചുവയ്ക്കുമ്പോഴാണ് ഇത്തരം അപവാദങ്ങൾ ജനിക്കുന്നതെന്നു മറക്കരുത്.

നഗരസഭമാത്രം ഇടപെട്ടതുകൊണ്ട് പ്രശ്നപരിഹാരം ഉണ്ടാവുകയില്ലെന്നാണ് തോന്നുന്നത്. സർക്കാർ നേരിട്ട് ഇടപെടേണ്ട ഘട്ടം എത്തിയിരിക്കുകയാണ്. അതുപോലെതന്നെ പാർലമെന്റിൽ കേരളത്തിൽ നിന്നുള്ള ജനപ്രതിനിധികളും വിഷയം ഉന്നയിച്ച് അനാവശ്യ നിയന്ത്രണങ്ങൾ നീക്കാൻ ശ്രമം നടത്തണം. നിയമവും ചട്ടവും ചുഴറ്റി വെറുതേ ജനങ്ങളെ പേടിപ്പിക്കരുത്.

കാറ്റുകൾ ഇനിയും വരും

പ്രതി കാലാവസ്ഥാമാറ്റം

എസ്. രാധാകൃഷ്ണൻ



തലവയ്ക്കാൻ സഹ്യനിലിന്ന് പച്ച വിരിപ്പില്ല, കാൽ നീട്ടാൻ സ്വഛാബ്ധിയിൽ മണൽതിട്ടയുമില്ല. വള്ളത്തോൾ പറയുന്നതുപോലെ സ്വന്തം മാതാവിനെ എങ്ങനെ വന്ദിക്കുമെന്ന് മലയാളിക്ക് നിശ്ചയമില്ലാത്ത ദിനങ്ങളാണ് വരാൻ പോകുന്നത്. വള്ളത്തോൾ പിന്നെയും പറയുന്ന, ആഴി വീചികളാണ് മാതാവിന്റെ കാലിൽ തുവെള്ളച്ചിലമ്പുകളിട്ടുവിക്കുന്നതെന്ന്. പക്ഷേ ആ ആഴിവീചികൾക്ക് വരും ദിവസങ്ങളിൽ രൗദ്രഭാവമാണ്. കാലാവസ്ഥാ നിരീക്ഷകർ അതിന് കിലോമീറ്ററുകളുടെ കണക്കു പറയുന്നു. അറുപതിനുമേൽ വേഗമുണ്ടാകുമെന്നാണ് പ്രവചനം.

കേരളത്തിൽ ഒരു കാറ്റു വീശി മാസങ്ങൾ അധികം കഴിഞ്ഞിട്ടില്ല. അടുത്തതിന്റെ ഹുങ്കാരമിങ്ങെത്തി. ഇനി മലയാളിയുടെ മനസിൽ കാറ്റും കോളും സൃഷ്ടിച്ച് അറബിക്കടലിൽനിന്ന് ഇങ്ങനെ തുടരെ കാറ്റുവീശുമെന്നാണ് ശാസ്ത്രജ്ഞർ പറയുന്നത്. കാരണം? കാലാവസ്ഥാമാറ്റവും മനുഷ്യൻ സൃഷ്ടിക്കുന്ന മലിനീകരണവും.

ഭൂമിയിൽ കാലാവസ്ഥാ മാറ്റം തുടങ്ങുന്നതും അവസാനിക്കുന്നതും കടലിലാണ്. അതുകൊണ്ടുതന്നെ കടലിനെ പുണർന്നു കിടക്കുന്ന കരയും അവിടത്തെ മനുഷ്യരും അസ്വസ്ഥരാകും. അത്തരമൊരു അസ്ഥിരമായ കരയായി മാറുകയാണ് കേരളം. മൂന്നുമാസംമുമ്പ് ഓഖി വന്നപ്പോൾ അത് നാം അനുഭവിച്ചു. ആ കണ്ണീർ ഇനിയും വറ്റിയിട്ടില്ല. ഇപ്പോഴത്തെ കാറ്റിന് രൗദ്രഭാവമുണ്ടാവുകയില്ലായിരിക്കാം. പക്ഷേ ഈ കാറ്റ് വീശുന്ന സമയം നോക്കുക. മീനമാസത്തിലെ സൂര്യനെ കൊടുങ്കാറ്റും മഴയും അകമ്പടി സേവിക്കാറില്ല. കടലിൽ കരുതിവച്ചിരിക്കുന്ന ഈർപ്പത്തെ കേരളക്കരയിലെത്തിക്കുന്നത് ഇടവം മുതലാണ്. പക്ഷേ

കുംഭത്തിലെ കണിക്കൊന്ന പോലെ ഇപ്പോൾ കാണുന്നതിനൊന്നും മാസക്കണക്കില്ല എന്ന സ്ഥിതി വന്നിരിക്കുന്നു. അതുകൊണ്ട് കാലം തെറ്റി മഴ പെയ്യുകയും പിന്നാലെ വരുന്ന സൂര്യൻ മണ്ണിനെ ഉണക്കി മനുഷ്യനെ വറചട്ടിയിലാക്കുകയും ചെയ്യുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കാലത്തിന്റെ അവസ്ഥ ഭൂമിയിലെങ്ങും പിഴയ്ക്കുമ്പോൾ അതിന് കേരളീയരുടെ ജീവിതത്തിന്റെ ഭാഗമായ അറബിക്കടലും സാക്ഷിയാകുമെന്ന് വിദഗ്ദ്ധ പഠനങ്ങൾ പറയുന്നു. ഓഖിയ്ക്കു പിന്നാലെ അറബിക്കടലിലെ കാലാവസ്ഥാ മാറ്റത്തെക്കുറിച്ച് പ്രിൻസ്റ്റൺ സർവകലാശാല കഴിഞ്ഞ ഡിസംബറിൽ പ്രസിദ്ധീകരിച്ച പ്രബന്ധം ശ്രദ്ധേയമാണ്.

2014ൽ അറബിക്കടലിലുണ്ടായ ചുഴലിക്കാറ്റിനെ ആധാരമാക്കി നടത്തിയ പഠനം പറയുന്നത് നാശം വിതയ്ക്കുന്ന കൊടുങ്കാറ്റുകൾ സമയത്തും അസമയത്തുമൊക്കെ ഇനിയും വരുമെന്നാണ്. ഇത് അറബിക്കടലിന്റെ കാര്യത്തിൽ മാത്രമുള്ളതല്ല. ലോകമെങ്ങും അങ്ങനെയായിരിക്കും. പക്ഷേ താരതമ്യേന ശാന്തമെന്ന് നാം കരുതുകയും കവികൾ പാടുകയും ചെയ്ത ഒരു കടലിന്റെ കഥയാണ് നമുക്ക് മുന്നിലുള്ളത്. ഓഖിയ്ക്കുപിന്നാലെ മറ്റൊരു കാറ്റു കൂടി വിളിക്കാതെ വിരുന്നു വരികയും ഇനി കൂടുതൽ വരാനിരിക്കുകയും ചെയ്യുമ്പോൾ മാറാൻ പോകുന്നത് നമ്മുടെ ജീവിതരീതികളാണ്. ഈയിടെ അമേരിക്കയിൽ വലിയൊരു നിർമാണ കമ്പനി ഒരു സ്റ്റാർട്ടപ് സ്ഥാപനത്തിന്റെ സഹായം തേടി. എന്തിനാണെന്നോ? തങ്ങളുടെ പ്രോജക്ടുകളിൽ കാലാവസ്ഥാമാറ്റം വരുംവർഷങ്ങളിൽ ചെലുത്താൻ പോകുന്ന സ്വാധീനം എന്തായിരിക്കും എന്നറിയാൻ.

നമ്മുടെ കടലോരത്തും കുന്നിൻചെരുവുകളിലുമുള്ളവർ കാതോർക്കുക. ഇവിടെയും ഇത്തരം പഠനങ്ങൾ വേണ്ടിവരും. കാൽക്കീഴിലെ മണ്ണ് ഒലിച്ചുപോകുകയും കടൽവെള്ളം കയറിവരികയും ചെയ്യുമ്പോൾ മലയാളിക്ക് പോകാൻ സ്ഥലമില്ല. തൊട്ടപ്പുറത്തുള്ള മാലിക്കാരെ പോലെ എല്ലാം വിറ്റുപെറുക്കി നാടുവിടുന്ന കാലം അതിവിദൂരമല്ലെന്ന വസ്തുത ഇപ്പോഴത്തെ തലമുറകളെ അലട്ടുന്നില്ല. പക്ഷേ... വരുംകാലത്തേക്ക് അതൊരു വലിയ പക്ഷേ തന്നെയാണ്. അറബിക്കടലിൽ 2014നു പിന്നാലെ 2015ന്റെ അവസാനം തുടരെ രണ്ടു ചുഴലിക്കാറ്റുകളാണ് വീശിയടിച്ചത്. തുടർന്ന് ശാസ്ത്രജ്ഞർ സൃഷ്ടിച്ചെടുത്ത ഒരു മോഡൽ പ്രകാരം കണ്ടെത്തിയത് മൺസൂണിന്റെ ഇടവേളകളിൽ ഇത്തരം പ്രകൃതിക്ഷോഭങ്ങൾക്ക് സാധ്യതയേറിയിട്ടുണ്ടെന്നാണ്. പക്ഷേ ഇപ്പോഴും കൃത്യമായ ഒരു മോഡലിനുവേണ്ടിയുള്ള ശ്രമം തുടരുകയാണ്. അതിനു വിഘാതമാകുന്നതാകട്ടെ കാലാവസ്ഥയിൽ അപ്രതീക്ഷിതമായ വ്യതിയാനങ്ങളും.

ഓഖി ചില സന്ദർഭങ്ങളിൽ എവിടെയൊക്കെയോ വച്ച് മണിക്കൂറിൽ 185 കിലോമീറ്റർ വരെ വേഗം ആർജിച്ചിരുന്നുവെന്നാണ് കണ്ടെത്തിയിരിക്കുന്നത്. അവിടെയൊക്കെ വച്ചിട്ടായിരിക്കണം പി. ഭാസ്കരൻ എഴുതിയതുപോലെ 'കരളിലെ മോഹക്കളിയോടങ്ങൾ കണ്ണീർച്ചുഴിയിൽ' താഴ്ന്നത്. ആ കണ്ണീർ വറ്റുന്നതിനുമുമ്പ് കളിയോടങ്ങൾ മുക്കാൻ അടുത്ത കാറ്റുമെത്തി. കേരളത്തിൽ ശരാശരി ശക്തിയുള്ള കാറ്റിന് 55 കിലോമീറ്റർ വേഗമേയുള്ളൂ. കടലിൽ പോയാൽ മുഴുവൻ ജീവൻ പോകും. പോയില്ലെങ്കിൽ പട്ടിണിയുമായി പകുതി ജീവൻ മാത്രം.

ഒരു ചുഴലിക്കാറ്റിൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ആടിയുലഞ്ഞത് നാം കണ്ടതാണ്. നഷ്ടപരിഹാരം കൊടുക്കാനുള്ള കാശ് ഇനിയും കണ്ടെത്തിയിട്ടില്ല. അതിന്റെ ആഘാതം ഭരണാധികാരികളിലുണ്ടാക്കിയ അലോസരവും മാറിയിട്ടില്ല. ഒന്നിനുപിറകെ ഒന്നായി വിവാദങ്ങളും മന:മരണക്കണക്കുപോലെ തന്നെ കോടികളുടെ കണക്കിന്മേലുള്ള തർക്കം തീരാതിരിക്കെ ഒരു കാറ്റും അതിനു പിന്നാലെ ശാസ്ത്രജ്ഞർ പറയുന്നതുപോലെ പല കാറ്റുകളും വന്നാൽ കേരളത്തിന് പിടിച്ചുനിൽക്കാനാവില്ല. തീർത്തും അപരിചിതമായ പ്രകൃതിദുരന്തങ്ങളിലേക്കാണ് നാം പോകുന്നത്. അറബിക്കടലിലെ കാറ്റ് ബാധിക്കുന്നത് ലോകത്തിലെ ഏറ്റവും സമ്പന്നമായ സമ്പദ് വ്യവസ്ഥകളെയാണെന്ന് പ്രത്യേകിച്ച് പറയേണ്ടതില്ല.

ഗൾഫിൽ കാറ്റ് ശക്തമായാൽ കേരളത്തെയാണ് അത് ബാധിക്കുക. ഇതിനുമുമ്പ് ഒമാനിലും മറ്റും വീശിയ കാറ്റുകൾ നഷ്ടക്കണക്കുകളുടെ കഥ പറഞ്ഞിട്ടുണ്ട്. പക്ഷേ കാലാവസ്ഥാമാറ്റം സൃഷ്ടിക്കാൻ പോകുന്ന നഷ്ടങ്ങളെക്കുറിച്ച് ഇപ്പോഴും നാം ബോധവാന്മാരായിട്ടില്ല. കാറ്റിനെ വരവേൽക്കുന്ന ഏറ്റവും വലിയ കാരണങ്ങളിലൊന്ന് വർദ്ധിക്കുന്ന താപനിലയാണ്.

പ്രിൻസ്റ്റൺ സർവകലാശാല പറയുന്നത് അറബിക്കടലിനെ കൊടുങ്കാറ്റിനെക്കുറിച്ചുള്ള മോഡലിലെ പഠനത്തിൽകണ്ടെത്തിയത് അന്തരീക്ഷത്തിൽ കാർബണിന്റെ അംശം വളരെ കൂടുതലായിരുന്നുവെന്നാണ്. പെട്രോളിയവും കൽക്കരിയും പോലുള്ള ഫോസിൽ ഇന്ധനങ്ങൾ കൂടുതലായി ഉപയോഗിക്കപ്പെടുന്നതിന്റെ ഫലമാണത്രെ ഇത്. ഇതിനുമുമ്പ് നടന്ന മറ്റൊരു പഠനത്തിലും ഇക്കാര്യം തെളിയിക്കപ്പെട്ടിരുന്നു. ഇത് അന്തരീക്ഷ താപനില വർദ്ധിക്കുന്നതിനു കാരണമാകുന്നു. രണ്ടു ഡിഗ്രി താപനില വർദ്ധിച്ചാൽ കൊടുങ്കാറ്റുകളുടെ എണ്ണം ഇന്നത്തേതിന്റെ പത്തിരട്ടിയാകുമെന്ന് അമേരിക്കയിലെ നീൽസ് ബോർ ഇൻസ്റ്റിറ്റ്യൂട്ട് കണ്ടെത്തിയിട്ടുണ്ട്. മനോഹരമായ പേരുമായെത്തുന്ന ഇത്തരം ചുഴലികളുണ്ടാക്കുന്ന നാശം നാം അമേരിക്കയിൽ കണ്ടതാണ്. ഇന്ന് ലോകത്തിൽ വീശുന്ന ചുഴലിക്കാറ്റുകളുടെ പകുതിയും കാലാവസ്ഥാ മാറ്റത്തിലൂടെ ഉണ്ടാകുന്നതാണ് എന്നാണ് ശാസ്ത്രജ്ഞർ വിലയിരുത്തുന്നത്. ലോകത്തിലെ ഏറ്റവും മികച്ച കാലാവസ്ഥാ പഠന മാതൃകയുള്ള പ്രിൻസ്റ്റൺ സർവകലാശാലയുടെ പഠനത്തെ മുഖവിലയ്ക്ക് എടുക്കുന്നതിനോട് ചില ശാസ്ത്രജ്ഞർക്ക് എതിർപ്പുണ്ട്.

കുംഭത്തിലെ കണിക്കൊന്ന പോലെ ഇപ്പോൾ കാണുന്നതിനൊന്നും മാസക്കണക്കില്ല എന്ന സ്ഥിതി വന്നിരിക്കുന്നു. അതുകൊണ്ട് കാലം തെറ്റി മഴ പെയ്യുകയും പിന്നാലെ വരുന്ന സൂര്യൻ മണ്ണിനെ ഉണക്കി മനുഷ്യനെ വറചട്ടിയിലാക്കുകയും ചെയ്യുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പോകുന്നത്. കാലത്തിന്റെ അവസ്ഥ ഭൂമിയിലെങ്ങും പിഴയ്ക്കുമ്പോൾ അതിന് കേരളീയരുടെ ജീവിതത്തിന്റെ ഭാഗമായ അറബിക്കടലും സാക്ഷിയാകുമെന്ന് വിദഗ്ദ്ധ പഠനങ്ങൾ പറയുന്നു.

അറബിക്കടലിലെ താപനില വർദ്ധിക്കുന്നതല്ല കാറ്റിന്റെ ശക്തി വർദ്ധിക്കാനുള്ള കാരണമായി അവർ പറയുന്നത് വായുപ്രവാഹം സ്ഥിരമായി നിലനിൽക്കുന്നതും അന്തരീക്ഷ മലിനീകരണവുമാണ്. അറബിക്കടലിനു മുകളിലെ വായുപ്രവാഹത്തിലുള്ള അസ്ഥിരത ചുഴലിക്കാറ്റിന് തടസമാണെന്ന് ഇന്ത്യൻ ശാസ്ത്രജ്ഞരടങ്ങുന്ന ആഗോള പഠനസംഘം വ്യക്തമാക്കിയിട്ടുണ്ട്. ഈ അസ്ഥിരത ഇല്ലാതാകുന്നതും മനുഷ്യസൃഷ്ടിയായ മലിനീകരണവുമാണ് അറബിക്കടലിൽ കൂടുതൽ ചുഴലിക്കാറ്റുകൾക്ക് കാരണമാകുന്നത്. കഴിഞ്ഞ 30 വർഷത്തെ ചരിത്രം ഇതു തെളിയിക്കുന്നു. ദക്ഷിണേഷ്യയിൽ മൂന്നു കിലോമീറ്റർ കനത്തിൽ തവിട്ടു നിറത്തിലുള്ള മാലിന്യ മേഘപാളിയുണ്ടെന്നാണ് കാലാവസ്ഥാ ശാസ്ത്രജ്ഞർ കണ്ടെത്തിയിട്ടുള്ളത്. ഇത് താപനില വർദ്ധിപ്പിക്കുകയും

കാറ്റിനെ ആകർഷിക്കുകയും ചെയ്യുന്നു. ചുറ്റും കരയാണെന്നത് ഈ ചുഴലിക്കാറ്റുകളെ മാരകമാക്കുന്നു. വീണ്ടും വള്ളത്തോൾ കവിതയിലേയ്ക്കുപോകാം: വന്ദിപ്പിൻ സമുദ്രാത്മഭൂവാമീ ശ്രീദേവിയെ... സമുദ്രം തന്നത് സമുദ്രം തന്നെ തിരിച്ചെടുക്കുമോ എന്ന് ഇനി കാലം തെളിയിക്കും. ഒരു മഴുവുമായി ഇനിയൊരു ഭാർഗവരാമൻ വരികയില്ല. മഴ വേന്തി മലമുകളിൽ നിൽക്കുന്നവരോടു പോരാടി ഒരു രാമനും വിജയൻ ആകാനാവില്ലെന്ന് നാം കണ്ടുകൊണ്ടിരിക്കുന്നു. കടലിലെ മഴയും ജപ്പാനിലെ കാറ്റുമൊക്കെയാണ് അവരുടെ പുതിയ വിചിത്രമായ ആയുധങ്ങൾ.

(ലേഖകന്റെ ഫോൺ: 9846349296)

ആദിവാസി ജീവിതത്തിനും വേണം ഒരു ലോംഗ് മാർച്ച്

എൻ.പി. മുരളീകൃഷ്ണൻ

മഹാരാഷ്ട്രയിൽ കൃഷിഭൂമിക്കും വനാവകാശങ്ങൾ സംരക്ഷിക്കുന്നതിനുമായി കർഷകർ നടത്തിയ ലോംഗ് മാർച്ച് രാജ്യത്ത് അവകാശപോരാട്ടങ്ങൾക്കായി നടന്ന വലിയ സമരങ്ങളിലൊന്നായി അടയാളപ്പെടുത്തിക്കഴിഞ്ഞു. കാർഷിക കടങ്ങൾ എഴുതിത്തള്ളൽ, വനാവകാശ നിയമം നടപ്പാക്കൽ, ദരിദ്ര കർഷകർക്കും കർഷക തൊഴിലാളികൾക്കും പെൻഷൻ നൽകൽ, കാർഷികോത്പന്നങ്ങൾക്ക് മിനിമം താങ്ങുവില ഉറപ്പാക്കൽ തുടങ്ങിയ വാഗ്ദാനങ്ങളെല്ലാം ലംഘിച്ച് കർഷകരെ വഞ്ചിച്ച ബി.ജെ.പി സർക്കാരിനെതിരായ പ്രതിഷേധമാണ് കർഷകർ ലോംഗ് മാർച്ചിലൂടെ പ്രകടിപ്പിച്ചത്. ഏഴുദിവസംകൊണ്ട് 180 കിലോമീറ്റർ ദൂരമാണ് ഇതിനായി അവർ നടന്നുതീർത്തത്. വനാവകാശ നിയമം നടപ്പാക്കുന്നതടക്കമുള്ള കർഷകരുടെ ആവശ്യങ്ങൾ രണ്ടുമാസത്തിനകം നടപ്പാക്കുമെന്ന് രേഖാമൂലം നൽകിയ ഉറപ്പിന്മേൽ സമരം അവസാനിച്ചു. രാജ്യത്ത് അവകാശത്തിനും നീതിക്കുമായി പോരാടുന്ന ബഹുജന പ്രസ്ഥാനങ്ങൾക്കാകെ ഊർജം നൽകിയ സമരത്തിനു ശേഷം കേരളീയർ സ്വയം ചോദിക്കേണ്ട ചില ചോദ്യങ്ങൾ ബാക്കിയാകുന്നുണ്ട്. കേരളത്തിലെ ആദിവാസികളോട് നമ്മൾ നീതി കാട്ടിയിട്ടുണ്ടോ? അവരുടെ ആവാസത്തിലും കൃഷിഭൂമിയിലും നമ്മൾ ഏതുതരത്തിലാണ് ഇടപെട്ടുകൊണ്ടിരിക്കുന്നത്? ഭൂപരിഷ്കരണം ആദിവാസികളുമായി ബന്ധപ്പെടുത്തുമ്പോൾ കിട്ടുന്ന ഉത്തരമെന്തായിരിക്കും? ആദിവാസി, വനാവകാശ നിയമങ്ങൾ സംരക്ഷിക്കപ്പെടുന്നുണ്ടോ?

ഇന്ത്യയിൽ പരമ്പരാഗതമായി വനഭൂമിയിൽ അധിവസിക്കുന്ന പട്ടികവർഗക്കാരുടെയും ഇതര വനവാസികളുടെയും അവകാശങ്ങളും താത്പര്യങ്ങളും സംരക്ഷിക്കുന്നതിനുവേണ്ടി വനാവകാശനിയമം പാർലമെന്റ് പാസാക്കുകയും രാഷ്ട്രപതിയുടെ അംഗീകാരത്തോടെ 2007 ജനവരി രണ്ടിന് വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തു. ഈ നിയമമനുസരിച്ച് 2005 ഡിസംബർ 13ന് മുമ്പ് വനഭൂമിയിൽ അധിവസിക്കുന്ന മുഴുവൻ ആദിവാസി കുടുംബങ്ങൾക്കും അവരുടെ കൈവശഭൂമിയുടെ അവകാശം നൽകുന്ന രേഖ നൽകണമെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ നിയമം പാസായിട്ട് പത്തുവഷം കഴിയുമ്പോഴും അത് സമ്പൂർണമായി നടപ്പാക്കാൻ ഇന്ത്യയിലെ മിക്ക സംസ്ഥാനങ്ങൾക്കുമായിട്ടില്ല; പ്രത്യേകിച്ച് പുരോഗമിച്ച സാമൂഹ്യവ്യവസ്ഥിതിയുള്ള കേരളത്തിലും.

കേരളത്തിൽ ആദിവാസി ജീവിതത്തെ സംരക്ഷിക്കുന്നതിനുപകരം അവരുടെ ആവാസം കൈയേറി കൃഷിനിലങ്ങൾ നശിപ്പിച്ച് അവരെ കൂടുതൽ ഉൾക്കാട്ടിലേക്ക് പായിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയാണിപ്പോൾ. ഭൂമാഫിയകൾ തീർത്ത വേലിക്കരികെ പേടിച്ചുകഴിയുകയാണ് കേരളത്തിലെ ആദിവാസികൾ. ഭൂവിസ്തൃതി കുറഞ്ഞ, ജീവിതനിലവാരത്തിൽ ഉയർന്ന പട്ടികയിലുൾപ്പെട്ട ഒരു സംസ്ഥാനത്തിൽ നഗരങ്ങളിൽ കെട്ടിടങ്ങൾ ആകാശത്തേക്ക് വളർന്നും വനമേഖലകളിൽ വനഭൂമി കൈയേറി അവിടങ്ങളിൽ ആദിമകാലം തൊട്ട് അധിവസിക്കുന്ന ജനതയുടെ സ്വൈര്യജീവിതം ഇല്ലാതാക്കിയുമാണ് നഗരവത്കരണവും വികസനവും സാദ്ധ്യമാകുന്നത്. പേടിപ്പിച്ചും ഭീഷണിപ്പെടുത്തിയും ശബ്ദം ഇല്ലാതാക്കിയ ഒരു ജനതയ്ക്ക് നീതി നിഷേധിക്കപ്പെട്ട് പേടിച്ച് ഉൾക്കാട്ടിലേക്ക് വലിഞ്ഞ് ജീവിക്കേണ്ടിവരികയാണ്. കൃഷിയിടവും കാട്ടുജീവിതവും ജീവനോപാധിയും നഷ്ടമായവർക്ക് അന്നത്തിനായി പിന്നെയും കാടിറങ്ങേണ്ടിവരുന്ന ഗതികേടാണുള്ളത്. നാട്ടുവാസികളിൽനിന്ന് അകന്ന് ഗോത്രജീവിതത്തിന്റെ സ്വൈര്യതയിൽ ജീവിച്ചിരുന്ന ജനതയെ അതിൽനിന്ന് ചിതറിച്ചതിൽ പൊതുസമൂഹത്തിനും ഭരണകൂടത്തിനും ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കാനാവില്ല. ആദിവാസി, പിന്നാക്ക ജനവിഭാഗങ്ങളോട് കാലാകാലങ്ങളായി സർക്കാർ വകുപ്പുകളും വ്യവസ്ഥിതിയും കാണിച്ചുപോരുന്ന അവഗണനയുടെ ഒടുവിലത്തെ ഇരയാണ് അട്ടപ്പാടിയിൽ വംശീയവെറിയിൽ ആൾക്കൂട്ടം വിചാരണചെയ്ത് കൊലപ്പെടുത്തിയ മധു.

തങ്ങൾക്ക് അവകാശപ്പെട്ട ഭൂമിക്കുവേണ്ടി ആദിവാസികളിൽനിന്ന് പൊതുസമൂഹത്തിനും സർക്കാരിനുമെതിരെ ആദ്യം ഉയർന്ന വലിയ ശബ്ദങ്ങളിലൊന്ന് മുത്തങ്ങയിലേതായിരുന്നു. പൊതുസമൂഹത്തിന്റെ അവകാശ സമരങ്ങൾ മാത്രം കണ്ടുശീലിച്ച കേരളത്തിന് ആദിവാസികളുടെ സമരം ആദ്യം അമ്പരപ്പാണുണ്ടാക്കിയത്. മുത്തങ്ങ സമരവും വെടിവെയ്പും നടന്നിട്ട് 15 വർഷം പിന്നിടുമ്പോൾ ആവശ്യങ്ങൾ അംഗീകരിക്കപ്പെട്ടില്ലെന്നു മാത്രമല്ല, അവർ കൂടുതൽ കൂടുതൽ ചൂഷണങ്ങൾക്കും കടന്നുകയറ്റങ്ങൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ്. ആദിവാസികൾ ഇനിയും ശബ്ദമുയർത്തുമെന്ന ഭയത്താൽ സമരത്തെ അടിച്ചമർത്തുക എന്ന നയമാണ് സർക്കാർ അന്ന് സ്വീകരിച്ചത്. എന്നാൽ മുത്തങ്ങ പിന്നീട് ചെങ്ങറയ്ക്കും അരിപ്പയ്ക്കും ആറളത്തിനും സെക്രട്ടേറിയറ്റ് പടിക്കലെ നിൽപ്പുസമരത്തിനും പ്രചോദനമാകുകയാണുണ്ടായത്. ആദിവാസി മേഖലയിൽ നടന്ന സമരത്തെക്കാൾ സെക്രട്ടേറിയറ്റ് പടിക്കലേക്ക് ആദിവാസികൾ വന്നു നടത്തിയ നിൽപ്പുസമരത്തിന് സ്വാഭാവികമായും മാദ്ധ്യമങ്ങളിലും ഔദ്യോഗികതലത്തിലും കൂടുതൽ ശ്രദ്ധ കിട്ടി. എന്നാൽ ഏറ്റവും ന്യായമായ ആവശ്യത്തിനുവേണ്ടി നടത്തിയ സമരങ്ങളിലെ ആവശ്യങ്ങൾ ഇപ്പോഴും പൂർണമായി നിറവേറ്റപ്പെട്ടില്ല. ആദിവാസികൾക്ക് വിതരണം ചെയ്ത ഭൂമിയാകട്ടെ അവർ ജീവിച്ചുപോന്ന ആവാസത്തോടോ ജീവിതരീതിയോടോ ഒട്ടും നീതി പുലർത്തുന്നതായിരുന്നില്ല. മിക്കവരും ഭൂമി ഉപേക്ഷിച്ചുപോയി. പലരുടെയും ഭൂമി ഇപ്പോഴും കടലാസിലാണ്. ആദിവാസികളെ ആട്ടിയോടിച്ച് ഉദ്യോഗസ്ഥരും ഭൂമാഫിയകളും ഭൂമി കൈയ്യേറിക്കൊണ്ടിരിക്കുന്നു. സർക്കാർ തലത്തിൽ ഇതിനെപ്പറ്റി യാതൊരു അന്വേഷണവും നടക്കുന്നില്ലെന്നതാണ് ശ്രദ്ധേയം.

ഭൂപരിഷ്കരണം നടപ്പാക്കി അരനൂറ്റാണ്ട് കഴിഞ്ഞിട്ടും ആദിവാസികൾ ഭൂരഹിതരായി തുടരുന്നു. ഏഴ് ലക്ഷത്തിലധികം ഭൂരഹിതരുള്ള കേരളത്തിൽ അതിൽ വലിയൊരു വിഭാഗം ആദിവാസികളാണ്. 2003ൽ ഭൂമിവിതരണം തുടങ്ങി 7000ത്തോളം കുടുംബങ്ങൾക്ക് 9000 ഏക്കർ ഭൂമിയാണ് ഇതുവരെ വിതരണം ചെയ്തത്. എന്നാൽ ഇതിൽ പകുതിയിൽ കൂടുതലും ആദിവാസികളുടെ കൈയിലില്ല. ആദിവാസികൾ ഇപ്പോഴും ഭൂരഹിതരായി തുടരുന്നു. സർക്കാരുകൾ ആദിവാസി ക്ഷേമത്തിനായി വിനിയോഗിച്ചിട്ടുള്ള കോടികളും ജലരേഖയായി അവശേഷിക്കുന്നു.

പേടിപ്പിച്ചും ഭീഷണിപ്പെടുത്തിയും ശബ്ദം ഇല്ലാതാക്കിയ ഒരു ജനതയ്ക്ക് നീതി നിഷേധിക്കപ്പെട്ട് പേടിച്ച് ഉൾക്കാട്ടിലേക്ക് വലിഞ്ഞ് ജീവിക്കേണ്ടിവരികയാണ്. കൃഷിയിടവും കാടുജീവിതവും ജീവനോപാധിയും നഷ്ടമായവർക്ക് അന്നത്തിനായി പിന്നെയും കാടിറങ്ങേണ്ടിവരുന്ന ഗതികേടാണുള്ളത്.

ആദിവാസിയുടെ കൂര പൊളിച്ചും മണ്ണു വാരിയെടുത്തും ഉണ്ടായതാണ് കേരളത്തിന്റെ പൊതുസമൂഹ വികസനവും പളപളപ്പുമെന്നത് യാഥാർത്ഥ്യമാണ്. ഒരു കെട്ട് പുകയിലയ്ക്കോ കുറച്ച് ഉണക്കമീനിനോ വാറ്റുചാരായത്തിനു വേണ്ടിയാണ് നിരക്ഷരരായ ആദിവാസിക്ക് പലപ്പോഴും കിടപ്പാടവും ഭൂമിയും നഷ്ടമായത്. ഇത്രമാത്രം ചതിക്കും വഞ്ചനയ്ക്കും ഇരയാക്കപ്പെട്ട മറ്റൊരു ജനവിഭാഗവും ഇന്ത്യൻ സാമൂഹിക വ്യവസ്ഥയിൽ ഇല്ല. അരികുചേർക്കപ്പെട്ടുന്നവന്റെ സമരജ്വാലകൾ ഇന്നും അണയാതെ കത്തുകയാണ്. തലചായ്ക്കാനും സ്വൈര്യമായി ജീവിക്കാനുമുള്ള ഭരണഘടന ഉറപ്പുനൽകിയ അവകാശത്തിനും വേണ്ടിയാണ് ഭൂസമരങ്ങളൊക്കെ തന്നെയും നടന്നത്. മുത്തങ്ങയും അരിപ്പയും ചെങ്ങറയും ആവർത്തിച്ചിട്ടും ലഭിക്കാത്ത പൂർണനീതിക്കായി കേരളം ഒരു ലോംഗ് മാർച്ചിന് തയ്യാറാകേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. അവർക്കൊപ്പം ഭരണകേന്ദ്രങ്ങളിലേക്ക് നീതിതേടി നടന്നടുക്കേണ്ട കാലുകൾ നമ്മുടെ തന്നെയാണ്. അപരന്റെ വാക്കുകൾ സംഗീതമാകുന്ന കാലം അങ്ങനെയോ യാഥാർത്ഥ്യമാകൂ.